"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി ഉഷാകുമാരി ജി. മുതൽ പേർ (ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്ഗ്രേഡ് II , മുൻസിപ്പൽ കോമൺ സർവീസ് ) ഫയൽ ചെയ്ത OA No 1823/2021 നമ്പർ കേസിലെ 06.10.2021-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.312/2022/LSGD തീയതി,തിരുവനന്തപുരം, 11-02-2022

---

പരാമർശം:-

1. ശ്രീമതി ഉഷാകുമാരി ജി. (ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്ഗ്രേഡ് II , മുൻസിപ്പൽ കോമൺ സർവീസ് ) സമർപ്പിച്ച 23.02.2021-ലെ അപേക്ഷ. (Annexure A10)
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1823/2021- ന്മേലുള്ള 06.10.2021-ലെ ഉത്തരവ്.
3. നഗരകാര്യ ഡയറക്ടറുടെ 22.01.2022-ലെ ഇ5/21527/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മുൻസിപ്പൽ കോമൺ സർവീസിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് തസ്തികയ്ക്ക് തുടർ പ്രമോഷൻ സാധ്യതകൾ ഇല്ലെന്നും ആയത് അനുവദിക്കണമെന്നും ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടത്തിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് (JPHN) തസ്തികയെ JPHN/ Public Health Promoter എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഉഷാകുമാരി ജി. മുതൽ പേർ ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1823/2021ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA-യുടെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ താഴെ പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

*The Original Application is disposed of, without going into the merits of the contentions, directing the Ist respondent to consider and pass appropriate orders on Annexure A10 representation, after affording an opportunity of hearing to anyone or an authorised representative of the applicants, within a period of three months from the date of receipt of a copy of this order. The 1st respondent will ensure that appropriate orders are issued preferably before finalisation of the draft Special Rules.*

2. മുൻസിപ്പൽ കോമൺ സർവീസിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് IIആയി സർവിസിൽ പ്രവേശിക്കുന്നവർക്ക് ഗ്രേഡ് I ആയി ലഭിക്കുന്ന പ്രൊമോഷൻ അല്ലാതെ മറ്റ് പ്രൊമോഷൻ സാധ്യതകളൊന്നും ഇല്ലെന്നും, ഒരേ പി.എസ്.സി. ലിസ്റ്റിൽ നിന്നും ആരോഗ്യ വകുപ്പിലേയ്ക്കും മുൻസിപ്പൽ കോമൺ സർവീസിലേയ്ക്കും നിയമനം ലഭിക്കുന്ന ജീവനക്കാരിൽ, ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക്ക്

ഹെൽത്ത് നേഴ്സ് ആയി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സ്ഥാനക്കയറ്റം ലഭിച്ച് District Public Health Nurse വരെ പ്രൊമോഷൻ ലഭിക്കുമ്പോൾ മുനിസിപ്പൽ സർവിസിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർ Junior Public Health Nurse Grade Iആയി വിരമിക്കേണ്ടി വരുന്നുവെന്നും ഏകീകൃത തദ്ദേശ പൊതു സർവീസ് വിശേഷാൽ ചട്ടങ്ങളിൽ ഗ്രൂപ്പ് II ഹെൽ ത്ത് & എൻവിയോൺമെൻറ് മാനേജ്മെന്റ് വിങ്ങിലെ Junior Public Health Nurse എന്ന തസ്തികയ്ക്ക് യാതൊരു പരിഗണനയും ലഭിച്ചില്ലെന്നും നിലവിലെ സ്പെഷ്യൽ റൂളിൽ JPHN/Public Health Promoter എന്നത് ഒഴിവാക്കണമെന്നും A.N.M/JPHN എന്ന ഡെസിഗ്നേഷൻ തന്നെ നിലനിർത്തണമെന്നും, ജൂനിയർ പബ്ലിക്ക് ഹെൽ ത്ത് നഴ്സിന്റെ പ്രൊമോഷൻ തസ്തികയായി കുടുംബശ്രീയിലെ പ്രൊജക്റ്റ് ഓഫീസർ / മെമ്പർ സെക്രട്ടറി തസ്തിക അനുവദിക്കണമെന്നും, നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയോഗിക്കപ്പെടുന്ന കുടുംബശ്രീ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ , ഓഫീസ് സ്റ്റാഫ് സെക്രട്ടറി എന്നീ തസ്തികകൾ കുടുംബശ്രീ മെമ്പർ സ്റ്റേട്ടറി ആയി ജോലി ചെയുന്ന JPHN-ന്റെ പ്രൊമോഷൻ തസ്തിക ആക്കി നിയമിച്ചാൽ ഉചിതമായിരുന്നുവെന്നും, ആരോഗ്യവിഭാഗവുമായി ബന്ധപ്പെട്ട JPHN-മാർക്ക് വർക്ക് വർ ക്ക് പാറ്റേൺ അനുവദിക്കണമെന്നും, ഗ്രൂപ്പ് II പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റ് വിങ്ങിലെ കാറ്റഗറി 10, ക്ലീൻ സിറ്റി മാനേജർ തസ്തികയിലേക്ക് By transfer/By promotion നിയമനത്തിന് JPHNവിഭാഗത്തിനെ കൂടി ഉൾപ്പെടുത്തണം എന്നും JPHN ട്രെയിനിങ് സ്കൂളിലെ ട്യൂട്ടർ തസ്തികയിലേക്ക് മുൻസിപ്പൽ കോമൺ സർവീസിലെ JPHN-മാരെ കൂടി പ്രോമോട്ട് ചെയ്തോ, വിദ്യഭ്യാസ യോഗ്യത ഉള്ളവരിൽ നിന്നും By transfer PSC test നടത്തിയോ നിയമിക്കണമെന്നും, നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ Lady Health Inspector, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-മാരുടെ തസ്തിക സൃഷ്ടിക്കണമെന്നും പരാമർശം (1) പ്രകാരമുള്ള നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

3. നിലവിലെ ചട്ട പ്രകാരം Annexure A10 നിവേദനത്തിലെ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. പരാമർ ശം (2)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24.01.2022-ന് അണ്ടർ സെക്രട്ടറി പരാതിക്കാരുടെ പ്രതിനിധി ആയി 24-ാം നമ്പർ പരാതിക്കാരി ശ്രീമതി. സുജ.ആർ നെ ഓൺലൈൻ മുഖാന്തരം കേട്ടു. തദവസരത്തിൽ നഗരകാര്യ വകുപ്പിലെയും, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും, ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു.

5. Annexure A10 നിവേദനത്തിലെ ആവശ്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങളിൽ ഗ്രൂപ്പ് II ഹെൽ ത്ത് & എൻവിയോൺമെൻറ് മാനേജ്മെന്റ് വിംഗിൽ JPHN തസ്തികയെ പുനർനാമകരണം ചെയ്ത് JPHN/Public Health Promoter എന്ന പേരിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച വിഷയം സ്പെഷ്യൽ റൂൾ അന്തിമമാക്കുന്ന ഘട്ടത്തിൽ പരിശോധിക്കുന്നതാണ്. കുടുംബശ്രീ ഒരു മിഷൻ പ്രൊജക്റ്റ് ആയതിനാൽ ടി സ്ഥാപനത്തിലെ നിയമനങ്ങൾ എല്ലാം അന്യത്രസേവന വ്യവസ്ഥയിലാണ് നടത്തി വരുന്നത്. ആയതിനാൽ കുടുംബശ്രീയിലെ പ്രൊജക്റ്റ് ഓഫീസർ / മെമ്പർ സെക്രട്ടറി തസ്തികകൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-ന്റെ പ്രൊമോഷൻ തസ്തികയാക്കി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-മാർക്ക് വർക്ക് പാറ്റേൺ നിർണയിക്കേണ്ടത് അനിവാര്യമായതിനാൽ പൊതു സർവീസ് രൂപീകരണത്തിന്റെ ഭാഗമായി Functional Manual തയാറാക്കുന്ന അവസരത്തിൽ ടി തസ്തികയുടെ വർക്ക് പാറ്റേൺ കൂടി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ക്ലീൻ സിറ്റി മാനേജർ തസ്തിക സബോർഡിനേറ്റ് സർവീസിലെ ഗ്രൂപ്പ് II ലെ

കാറ്റഗറി 1, Senior Public Health Inspector Grade I-ന്റെ പ്രൊമോഷൻ തസ്തികയായാണ് ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തസ്തികയുടെ യോഗ്യതയും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയുടെ യോഗ്യതയും തികച്ചും വ്യത്യസ്തമാണ്. ആയതിനാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായി ക്ലീൻ സിറ്റി മാനേജർ തസ്തിക നിശ്ചയിക്കുവാൻ കഴിയില്ല.

6.മേൽപ്പറഞ്ഞപ്രകാരം പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി ഉഷാകുമാരി ജി., ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്ഗ്രേഡ് II , കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

✓ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ